അദ്ധ്യായം 109

## അൽ കാഫിറൂൻ (സത്യനിഷേധികൾ)

അവതരണം: മക്കയിൽ, വചനങ്ങൾ: 6

---

### അദ്ധ്യായ പരിചയം:

പ്രവാചകൻ മുഹമ്മദ്(സ) തൻെറ സന്ദേശപ്രചാരണം ആരംഭിച്ചത് മക്കയിലാണെന്ന് നാം മനസ്സിലാക്കുകയുണ്ടായി. ആ പ്രവർത്തനഘട്ടം മുഴുക്കെ അദ്ദേഹം പലവിധത്തിലുള്ള എതിർപ്പുകൾക്കും വിധേയനാവുകയുണ്ടായി എന്ന കാര്യവും സൂചിപ്പിച്ചു.

അദ്ദേഹത്തെ ഏതെങ്കിലും വിധത്തിൽ തൻെറ കൃത്യത്തിൽനിന്ന് പിന്തിരിപ്പിക്കണം എന്ന് ഖുറൈശി മുഖ്യന്മാർ കരുതി. അതിനായി വലീദുബ്നു മുഗീറ എന്ന പ്രമുഖൻെറ നേതൃത്വത്തിൽ ഒരു സംഘം ഖുറൈശീമൂപ്പന്മാർ പ്രവാചകൻ(സ)യെ സമീപിച്ചു. അവർ പല വാഗ്ദാനങ്ങളും അദ്ദേഹത്തിനു നേരെ വെച്ചുനീട്ടി. അതിൽ ഏതെങ്കിലും ഒന്ന് അദ്ദേഹം സ്വീകരിച്ചാൽ തങ്ങൾ തമ്മിലുള്ള ആദർശപരമായ പിണക്കം തീർക്കാനാകുമെന്നായിരുന്നു അവരുടെ ധാരണ.

പ്രസ്തുത ഓഫറുകളിൽ പ്രധാനമായവ ഇവയായിരുന്നു: അദ്ദേഹത്തെ വലിയ ധനാഢ്യനാക്കാം, മക്കയിലെ നേതാവായി വാഴിക്കാം, അദ്ദേഹം ആഗ്രഹിക്കുന്ന ഏത് പെൺകുട്ടിയെ വേണമെങ്കിലും ഇണയാക്കികൊടുക്കാം. എന്നാൽ അതിനു പകരമായി ഒരുപാധി പ്രവാചകൻ സ്വീകരിക്കണമായിരുന്നു. അതായത്, ഏകദൈവത്തെക്കൂടാതെ തങ്ങൾ ആരാധിക്കുന്ന ദൈവങ്ങളെ മേലാൽ അദ്ദേഹം ആക്ഷേപിക്കരുത്. അല്ലെങ്കിൽ ഒരു വർഷം അദ്ദേഹം ലാത്ത, ഉസ്സ, മനാത്ത പോലുള്ള അവരുടെ ആരാധ്യന്മാരെ ആരാധിക്കണം. അടുത്ത വർഷം അദ്ദേഹത്തിൻെറ ആരാധ്യനെ അവരും ആരാധിക്കുന്നതായിരിക്കും. ഇതത്രെ പ്രസ്തുത നിബന്ധനകൾ. അവരുടെ നിബന്ധനക്ക് മനുപടിയായിക്കൊണ്ടാണ് അല്ലാഹു ഈ അദ്ധ്യായം അവതരിപ്പിച്ചത്.

ഈ അനുരഞ്ജന പദ്ധതിയുമായി ഖുറൈശികൾ പലവട്ടം പ്രവാചകൻ(സ)യെ സമീപിച്ചിരുന്നു. എന്നാൽ ഏകദൈവത്തിൽനിന്ന് അവതീർണമായ സമ്പൂർണ ജീവിത പദ്ധതിയെന്ന നിലക്ക് ഖുർആൻെറ ജീവിതവ്യവസ്ഥിതിക്ക് ബഹുദൈവത്വവിഭാവനയുമായുള്ള സമീപനം എന്തെന്ന് ഈ ഘട്ടത്തിൽ തുറന്ന് പ്രഖ്യാപിക്കേണ്ടത് ആവശ്യമായിരുന്നു. അതാകട്ടെ, കാലാകാലങ്ങളിലും നിലനില്ക്കുന്ന സകല ബഹുദൈവവിശ്വാസികൾക്കും ഉദ്ബോധനമാകുമാറ് നിലനിൽക്കുകയും വേണം. അതിനാലാണ് ദൈവനിഷേധികളും സമാനചിന്താഗതി വെച്ചുപുലർത്തുന്നവരും ഈ അദ്ധ്യായത്തിൻെറ അഭിസംബോധിതരായത്.

അവിശ്വാസികളും ബഹുദൈവാരാധകരുമായുള്ള ഏകദൈവ വിശ്വാസികളുടെ ആദർശപരമായ രാജിയല്ല ഈ അദ്ധ്യായം. പ്രത്യുത, ഖുർആൻ മുന്നോട്ടുവെക്കുന്ന കലർപ്പറ്റ ഏകദൈവവിശ്വാസത്തിൻെറ പവിത്രത ബോധ്യപ്പെടുത്തുന്നതോടൊപ്പം അവിശ്വാസത്തോടും ബഹുദൈവ വിഭാവനയോടുമുള്ള ഖുർആൻെറ സമീപനം വ്യക്തമാക്കുക കൂടിയാണ് ഈ അദ്ധ്യായം ചെയ്യുന്നത്. അതിലൂടെ ലോകത്തുള്ള വിശ്വാസികളോട് അത് കല്പിക്കുന്നു, ബഹുദൈവത്വവും ദൈവനിഷേധവും ഒരു വിധത്തിലും ഏകദൈവവിശ്വാസത്തിന് തുല്യമല്ല, അതുമായി ഒരു വിധത്തിലും യോജിച്ചുപോകാവതുമല്ല. ഏത് ഘട്ടത്തിലും സന്ദർഭത്തിലും അതിനോടുള്ള വിമുക്തി പ്രഖ്യാപിക്കേണ്ടത് വിശ്വാസിയുടെ ബാധ്യതയാകുന്നു.

ഈ അദ്ധ്യായം പാരായണം ചെയ്യുന്നത് ബഹുദൈവവിശ്വാസത്തിൽനിന്നും വിമോചനത്തിനുള്ള മാർഗമായാണ് പ്രവാചകൻ(സ) പഠിപ്പിച്ചത്.

ചുരുക്കത്തിൽ ആദർശരംഗത്ത് തങ്ങളുടെ ദേഹേഛകളെക്കൂടി കണക്കിലെടുത്തുകൊണ്ടുള്ള വിട്ടുവീഴ്ച കൈക്കൊള്ളാൻ പ്രവാചകനോട് ഖുറൈശികൾ ആവശ്യപ്പെട്ടപ്പോൾ അതിനുള്ള മറുപടിയായാണ് ഈ അദ്ധ്യായം അവതരിച്ചത്.

### അർഥം:

പരമ കാരുണികനും കരുണാനിധിയുമായ അല്ലാഹുവിൻെറ നാമത്തിൽ.

ഖുൽ — قُلْ

പ്രവാചകരേ, പറയുക:

---

യാ അയ്യുഹൽ കാഫിറൂൻ — يَا أَيُّهَا الْكَافِرُونَ

ഓ, സത്യനിഷേധികളേ,

| | | |
|---|---|---|
| ലാ അഅ്ബുദു | لَآ اَعْبُدُ | ഞാൻ ആരാധിക്കുന്നില്ല. |
| മാ തഅ്ബുദൂൻ | مَا تَعْبُدُونَ | നിങ്ങൾ ആരാധിച്ചുകൊണ്ടിരിക്കുന്നതിനെ. |
| വലാ അൻതും | وَلَآ اَنْتُمْ | നിങ്ങളും അല്ല. |
| ആബിദൂൻ | عَبِدُونَ | ആരാധിക്കുന്നവർ |
| മാ അഅ്ബുദ് | مَآ اَعْبُدُ | ഞാൻ ആരാധിക്കുന്നതിന്. |
| വലാ അന | وَلَآ اَنَا | ഞാൻ അല്ല |
| ആബിദുൻ | عَابِدٌ | ആരാധിക്കുന്നവൻ |
| മാ അബദ്ത്തും | مَّا عَبَدْتُّمْ | നിങ്ങൾ ആരാധിച്ചവയെ. |
| വലാ അൻതും | وَلَآ اَنْتُمْ | നിങ്ങളും അല്ല |
| ആബിദൂൻ | عَبِدُونَ | ആരാധിക്കുന്നവർ |
| മാ അഅ്ബുദ് | مَآ اَعْبُدُ | ഞാൻ ആരാധിച്ചുകൊണ്ടിരുന്നവന്. |
| ലകും ദീനുകും | لَكُمْ دِينُكُمْ | നിങ്ങൾക്ക് നിങ്ങളുടെ ദീൻ, |
| വലിയദീൻ | وَلِيَ دِينِ | എനിക്ക് എന്റെ ദീൻ. |

## വചന വിശകലനം:

قُلْ ഖുൽ

പ്രവാചകരേ, പറയുക

ഈ അധ്യായത്തിന്റെ അഭിസംബോധിതൻ പ്രവാചകൻ(സ)യാണെങ്കിലും ലോകത്തെ എല്ലാ ഏകദൈവവിശ്വാസികളും അതിന്റെ അഭിസംബോധിതരും അതിന്റെ വിധി പാലിക്കാൻ ബാധ്യസ്ഥരുമാണ്. കാരണം, ആദർശരംഗത്ത് അവരും ഖുർആന്റെ പാലകരും അനുഷ്ഠാക്കളുമാകുന്നു. ഖുർആൻ അവരുടെ മുമ്പിൽ സമർപ്പിക്കുന്ന ആദർശം ജീവിത

ത്തിൽ പാലിക്കുന്നതോടൊപ്പം ലോകത്തിനു മുമ്പിൽ അത് വിളിച്ചുപറയുവാനും അവർ കടപ്പെട്ടവരാകുന്നു. അതിനാൽ ഖുർആൻ കല്പിച്ചു: "നിങ്ങൾ പ്രഖ്യാപിക്കുക." ഈ പ്രഖ്യാപനം നടത്തേണ്ടത് ആദർശപരമായ വിട്ടുവീഴ്ചക്ക് വിശ്വാസികളെ പ്രേരിപ്പിക്കുന്ന ദൈവനിഷേധികളായ സമൂഹത്തിനു മുമ്പിലാണ്. അതിന് കാലപരിധിയോ ദേശവ്യത്യാസമോ ഒട്ടുമില്ല. ഖുർആൻ "കാഫിറൂൻ" എന്ന നാമം ഉപയോഗിച്ചതിലെ യുക്തിയും അതു തന്നെയാണ്.

---

يَا أَيُّهَا الْكَافِرُونَ യാ അയ്യുഹൽ കാഫിറൂൻ

സത്യനിഷേധികളേ

---

പ്രത്യക്ഷാർഥത്തിൽ ഈ വിളിയുടെ അഭിസംബോധിതർ മക്കയിലെ ഖുറൈശികളാണെന്നു തോന്നും. കാരണം, അവരാണല്ലോ പ്രവാചകൻെറ ഒന്നാമത്തെ അഭിസംബോധിതർ. എന്നാൽ മൊത്തം ഖുറൈശികളല്ല, ഏകദൈവത്തെ വെറുത്തിരുന്ന ആളുകൾ മാത്രമാണ് ഉദ്ദേശ്യം എന്നും അഭിപ്രായപ്പെട്ടവരുണ്ട്.

കാഫിർ എന്ന പദത്തിന് ധാരാളം അർഥങ്ങളുണ്ട്. നിഷേധി, അവിശ്വാസി, കൃതഘ്നൻ, മറച്ചുവെക്കുന്നവൻ തുടങ്ങിയ അർഥങ്ങളിലൊക്കെ അറബിയിൽ ഈ പദം ഉപയോഗിക്കാറുണ്ട്. ഖുർആൻ ഇവിടെ ഈ പദം ഉപയോഗിച്ചത് ദൈവത്തിൻെറ ഏകത്വവും മുഹമ്മദ് നബിയുടെ പ്രവാചകത്വവും അദ്ദേഹത്തിൻെറ അധ്യാപനങ്ങളും അംഗീകരിക്കാത്തവർ എന്ന അർഥത്തിലാകുന്നു. ഏതൊക്കെ വിഭാഗങ്ങളിൽ ഈ പ്രവണതയുണ്ടോ അവരൊക്കെ ഈ അഭിസംബോധനക്ക് അർഹരാണ്.

ആരൊക്കെ ഏകദൈവത്തെ നിഷേധിക്കുന്നവരും അവനെക്കൂടാതെ ഏതെല്ലാം ദൈവങ്ങളെ വിളിച്ചാരാധിക്കുന്നുണ്ടോ അവരും ഈ അഭിസംബോധനക്ക് അർഹരാണ്. അവർ ഏത് കാലക്കാരായാലും ശരി. കാരണം, വ്യക്തികളുടെ കർമം മാത്രമല്ല ഈ വിളിക്ക് ആസ്പദം, അവരുടെ മാനസികാവസ്ഥയും അതിൽ പ്രധാന ഘടകമാണ്.

---

لَا أَعْبُدُ مَا تَعْبُدُونَ ലാ അഅ്ബുദു മാ തഅ്ബുദൂൻ

നിങ്ങൾ ആരാധിച്ചുകൊണ്ടിരിക്കുന്നതിനെ ഞാൻ ആരാധിക്കുന്നില്ല.

---

ഈ വചനത്തിൽ മൂന്നു കാര്യം ഉൾക്കൊണ്ടിരിക്കുന്നു.

ഒന്ന്, ഏകദൈവത്തെക്കൂടാതെ ഇതര ദൈവങ്ങളെ വിളിച്ചുപ്രാർഥിക്കുന്ന ലോകത്തെല്ലായിടത്തുമുള്ള ആളുകൾ. അത് ഏതെല്ലാം വിഭാഗക്കാരായാലും ശരി.

രണ്ട്, ഏകദൈവത്തെക്കൂടാതെ ആരാധിക്കപ്പെടുന്ന ദൈവങ്ങൾ. അത് മാലാഖമാരാകട്ടെ, ജിന്നുകളാകട്ടെ, സൂര്യ-ചന്ദ്രന്മാരാകട്ടെ, മറ്റു ശക്തികളാകട്ടെ. അവയൊക്കെ സാങ്കല്പിക ദൈവങ്ങളാകുന്നു.

മൂന്ന്, നിഷേധം, ബഹുദൈവവിശ്വാസം മുതലായ അഴുക്കുകളിൽ പെടാതെ സ്വയം സുരക്ഷിതരായ ഏകദൈവ വിശ്വാസികൾ.

ഈ പ്രഖ്യാപനംകൊണ്ട് അർഥമാക്കുന്നത് നിങ്ങളുടെ ദൈവനിഷേധമോ ബഹുദൈവത്വപരമോ ആയ ജീവിതരീതിയെ ഞാൻ അംഗീകരിക്കുന്നില്ല എന്നാണ്. കാരണം, അല്ലാഹുവിന് മാത്രമായി നിഷ്കളങ്കതയോടെ ചെയ്യുന്ന ആരാധനകൾ മാത്രമേ അവനുള്ള ആരാധനയാകുന്നുള്ളൂ.

സമൂഹത്തിലെ ബഹുഭൂരിപക്ഷവും ബഹുദൈവവിശ്വാസമോ ദൈവനിഷേധമോ കൈക്കൊണ്ടാലും ശരി, അത് ഏകദൈവ വിശ്വാസമെന്ന യാഥാർഥ്യത്തിന് ഒട്ടും കോട്ടം വരുത്തുകയില്ല. ലോകം അതിനെ എത്രമാത്രം എതിർത്താലും ശരി, ഏകദൈവവിശ്വാസി അതിനെയൊക്കെ നിരാകരിക്കുകയും തൻെറ വിശ്വാസത്തിൽ ഉറച്ചു നിന്ന് തൻെറ ആദർശം ലോകത്തിന് മുമ്പിൽ പ്രഖ്യാപിക്കുകയും വേണം. അക്കാര്യത്തിൽ അല്പം പോലും വിട്ടുവീഴ്ചയോ സൗമനസ്യമോ അരുത്.

എല്ലാ വിഭാഗങ്ങളുടെയും "ദൈവങ്ങളെ" പ്രീതിപ്പെടുത്തുകയെന്ന ഉഴപ്പൻ സമീപനത്തിൻെറ ആവശ്യം അവനെ സംബന്ധിച്ചിടത്തോളം ഉണ്ടാകരുത്. ദൈവാർച്ചനയെന്നത് ദൈവത്തിന് മാത്രം അവകാശപ്പെട്ടതാണ്. അത് അവന് തന്നെ വകവെച്ചുകൊടുക്കണം. അതിനാലാണ് പ്രതികൂലമായ അവസ്ഥയിൽപോലും ആദർശപരമായ ഈ പ്രഖ്യാപനം ധൈര്യപൂർവം നടത്താൻ അല്ലാഹു പ്രവാചകനോട് ആവശ്യപ്പെട്ടത്.

وَلَآ أَنتُمْ عَٰبِدُونَ مَآ أَعْبُدُ വലാ അൻതും ആബിദൂന മാ അഅ്ബുദ്

**ഞാൻ ആരാധിക്കുന്നതിനെ ആരാധിക്കുന്നവരല്ല നിങ്ങൾ.**

ഏകദൈവത്വപരമായ ആരാധനയും ബഹുദൈവത്വപരമായ ആരാധനയും ഫലത്തിൽ രണ്ട് കാര്യങ്ങളാണെന്ന കാര്യം ബോധ്യപ്പെടുത്തുകയാണിവിടെ. അതായത്, നിങ്ങൾ ചെയ്യുന്നത് ബഹുദൈവത്വപരമായ ആരാധനയാണ്. അവയ്ക്ക് യാതൊരു അടിസ്ഥാനവുമില്ല. കാരണം, നിങ്ങളുടെ ആരാധ്യരായ ദൈവങ്ങൾ ഒരുവിധത്തിലുള്ള കഴിവും പ്രാപ്തിയും ഇല്ലാത്തവയാകുന്നു. ആ ആരാധനക്ക് ഏകദൈവം ഒരുതരത്തിലുള്ള തെളിവും പ്രമാണവും അവതരിപ്പിച്ചിട്ടില്ല. എൻെറതാകട്ടെ ഏകദൈവത്വപരമായ ആരധനയാകുന്നു. ഏകദൈവമാകട്ടെ എല്ലാവിധ കഴിവുകൾക്കും ഉടയവനുമാകുന്നു.

മാ അഅ്ബുദ് എന്നതിലെ “മാ” അല്ലാഹുവിനെ കുറിക്കുവാനുപയോഗിച്ച പദമാണ്. ഏതൊരുവൻ എന്നാണ് അതിൻെറ സൂചകാർഥം.

തൗഹീദിൻെറയും (ഏകദൈവത്വം) ശിർക്കിൻെറയും (ബഹുദൈവത്വം) ഇടയിലുള്ള കനത്ത വിടവ് സൂചിപ്പിക്കുകയാണിവിടെ. ഏകദൈവവിശ്വാസിയുടെ ആരാധനയും പ്രാർഥനയും എപ്പോഴും എവിടെ വെച്ചും ഏകദൈവത്തോട് മാത്രമായിരിക്കും. ആ ഏകദൈവത്തിന് മുമ്പിൽ മറ്റു ദൈവങ്ങൾക്ക് യാതൊരു വിധ അസ്തിത്വവും ഇല്ലതന്നെ. എന്നാൽ ബഹുദൈവാരാധകരുടെ നിലപാടാകട്ടെ, ഇതിൽനിന്ന് തീർത്തും ബാലിശമാണ്. അസ്തിത്വമേതുമില്ലാത്ത, യാതൊരു വിധ കഴിവോ പ്രാപ്തിയോ ഇല്ലാത്ത സാങ്കല്പിക ദൈവങ്ങൾക്ക് തങ്ങളുടെ ദേഹേഛക്കൊത്ത വിധം ആരാധനയർപ്പിക്കുകയാണവർ ചെയ്യുന്നത്. ആ ദൈവങ്ങൾക്കാകട്ടെ, ജനത്തിന് മേൽ മുഴുവൻ സ്വാധീനമോ അധികാരമോ, മുഴുവൻ കാര്യങ്ങൾ ചെയ്യുവാനുള്ള കഴിവോ ഉണ്ടാവുകയുമില്ല.

ചിലത് മഴയുടെ ദൈവം, മറ്റു ചിലത് കാറ്റിൻെറ ദൈവം ചിലർ ജനനത്തിൻെറ ദൈവം, ചിലർ സംരക്ഷണത്തിൻെറയും. ചിലർ ചില വിഭാഗങ്ങളുടെ നാഥനും ദൈവവും. ആ ദൈവങ്ങൾ മറ്റു ജനതക്ക് അജ്ഞാതനും. ഇതൊക്കെ ഏകദൈവ വിഭാവനക്ക് വിരുദ്ധങ്ങളാകുന്നു. അവൻ സകലതിനും കഴിവുള്ളവനും മുഴുവൻ ലോകത്തിനും കാലത്തിനും ഏകദൈവവുമാകുന്നു. അവൻ ഏകനും അതുല്യനുമാണ്. മക്കളോ പങ്കാളികളോ സമന്മാരോ അവനില്ല.

അവൻേറതു മാത്രമാണ് പരമമായി പരമാധികാരം മുഴുവൻ. കാരണം, സൃഷ്ടിച്ചവനാണല്ലോ സൃഷ്ടിയുടെ മേൽ അധികാരമുള്ളവൻ. ഓരോ പ്രപഞ്ചസൃഷ്ടിയും അവൻെറ രാജത്വവും ദൈവികതയും ശക്തിയും പരമാധികാരവും അംഗീകരിച്ചു കൊണ്ട് അവൻെറ ഏകത്വത്തിന് സാക്ഷ്യം വഹിക്കുന്നുണ്ട്. അവൻെറ അസ്തിത്വം മറ്റൊന്നിലും ലീനമല്ല. അവനെപ്പോലെ ആരുമില്ല.

وَلَآ أَنَا۠ عَابِدٌ مَّا عَبَدتُّمْ വലാ ആബിദുമ്മാ അബദ്ത്തും

**ഞാൻ, നിങ്ങൾ ആരാധിച്ചവയെ ആരാധിക്കുന്നവനുമല്ല.**

മേൽപ്രസ്താവത്തെ ഒന്നുകൂടെ വ്യക്തമാക്കുകയാണിവിടെ ചെയ്തിട്ടുള്ളത്. അതേയവസരം ശക്തിയായ നിഷേധം കൂടി അതിൽ അടങ്ങിയിട്ടുണ്ട്. നിങ്ങൾ ആരാധനയർപ്പിക്കുന്നതിന് ആരാധനയർപ്പിക്കുന്നവനല്ല ഞാൻ എന്നു പറയുമ്പോൾ നിഷേധം മാത്രമല്ല, അക്കാര്യത്തിൽ തനിക്കുള്ള വിയോജിപ്പും പ്രതിഷേധവും അറിയിക്കുക കൂടി ചെയ്യുന്നുണ്ട്.

ഒരു കാര്യം കൂടി ഇവിടെ സൂചിപ്പിക്കുന്നുണ്ട്. അതായത്, “മാ അബദ്ത്തും” എന്നത് നിങ്ങൾ ആരാധിച്ചവയെ എന്ന അർഥത്തിലാണ് സൂചിപ്പിച്ചിട്ടുള്ളത്. അതായത്, സത്യനിഷേധികളേ, നിങ്ങളും നിങ്ങളുടെ പൂർവികരും മുൻകാലങ്ങളിലും ഇപ്പോഴും ഏതെല്ലാം ദൈവങ്ങൾക്ക് ആരാധനയർപ്പിച്ചിരുന്നുവോ അവയ്ക്കൊന്നിനും ഞാൻ ആരാധനയർപ്പിക്കുന്നവനല്ല. ഏകദൈവം ആരാധിക്കപ്പെടാത്ത എല്ലാ സംസ്കാരങ്ങളിലും കാലദേശങ്ങൾക്കനുസരിച്ച് ദൈവങ്ങൾ ഏറുകയും മാറുകയും ചെയ്യുക പതിവാണ്. സ്വയം ആത്മസംതൃപ്തി ലഭിക്കാത്തതാണതിന് കാരണം. അതുകൊണ്ടാണ് “നിങ്ങൾ ആരാധിച്ചവയെ” എന്ന് സൂചിപ്പിക്കാൻ കാരണം. അതിനാൽ നിങ്ങൾ ഇപ്പോൾ ആരാധിച്ചുകൊണ്ടിരിക്കുന്ന ദൈവങ്ങളിലും മുൻകാലങ്ങളിൽ നിങ്ങളുടെ പ്രപിതാക്കൾ ആരാധിച്ചിരുന്നവയിലും എനിക്ക് വിശ്വാസമോ ആരാനയോ ഇല്ല എന്ന പ്രഖ്യാപനമാണ് വചനത്തിൻെറ സാരാംശം.

وَلَآ أَنْتُمْ عَٰبِدُونَ مَآ أَعْبُدُ വലാ അൻതും ആബിദൂന മാ അഅ്ബുദ്

ഞാൻ ആരാധിക്കുന്നവനെ നിങ്ങളും ആരാധിക്കുന്നവരല്ല.

---

അതായത്, ഏതെല്ലാം ഗുണങ്ങളുള്ള ദൈവത്തെയാണോ ഞാൻ ആരാധിക്കുന്നത് അത്തരം ഒരു ദൈവത്തെ ആരാധിക്കുന്നവരല്ല നിങ്ങൾ. ഏകദൈവമായ അല്ലാഹുവിനെ മാത്രം ആരാധിക്കുകയെന്ന ഉന്നതിയിലേക്കെത്താൻ നിങ്ങൾക്കും നിങ്ങളുടെ പ്രപിതാക്കൾ ക്കും സാധിക്കുകയില്ല. അത്തരം ഏകദൈവ സിദ്ധാന്തത്തെ അംഗീകരിക്കാൻ നിങ്ങളുടെ ദേഹേഛക്ക് സാധിക്കുകയുമില്ല. ആ ദേഹേഛയിൽനിന്ന് വിമോചിതരാകാനും നിങ്ങൾക്ക് സാധിക്കുകയില്ല.

ഏകദൈവവിശ്വാസത്തിനും ബഹുദൈവവിശ്വാസത്തിനും ഇടയിലുള്ള വിടവ് ചിന്താപരമായും ആത്മീയവും ബുദ്ധിപരമായും ഏറെ വലുതാണ്. അതൊരിക്കലും രഞ്ജിപ്പിലെത്തുക സാധ്യമല്ല. അത് പ്രീണനത്തിനായാലും പ്രലോഭനത്തിനായാലും ശരി. അതത്രെ അടുത്ത വചനം സൂചിപ്പിക്കുന്നത്.

---

لَكُمْ دِينُكُمْ وَلِيَ دِينِ ലകും ദീനുകും വലിയദീൻ

നിങ്ങൾക്ക് നിങ്ങളുടെ ദീൻ, എനിക്ക് എൻെറ ദീൻ.

---

ഏകദൈവാരാധനയുടെ കാര്യത്തിൽ ഖുർആനിക ജീവിതവ്യവസ്ഥയുടെ അടിസ്ഥാനപരമായ പ്രഖ്യാപനം ഉൾക്കൊള്ളുന്ന വചനമാണിത്. ഖുർആനിക ജീവിതവ്യവസ്ഥ മുന്നോട്ട് വെക്കുന്ന ആരാധനാവ്യവസ്ഥ, അത് തീർത്തും ഏകദൈവത്തിന് മാത്രമായിരിക്കണമെന്നതാണ്. അതിൽ ആർക്കും അല്പം പോലും പങ്കുണ്ടാകരുത്. പൊതുജനങ്ങളെയും സാഹചര്യങ്ങളെയും പ്രീതിപ്പെടുത്തും വിധം വിട്ടുവീഴ്ചക്ക് അതിൽ ഇടം നല്കരുത്. ബഹുദൈവത്വപരമായ സംസ്കാരവും ദൈവനിഷേധപരമായ സംസ്കാരവും തികഞ്ഞ ഏകദൈവ സിദ്ധാന്തത്തിന് വിരുദ്ധമാണ്. അതിനാൽ തന്നെ ആ സംസ്കാരത്തോട് രാജിയാവുകയെന്നത് ഉദാത്തമായ ദൈവികവ്യവസ്ഥക്ക് ചേർന്നതല്ല. അവർ ഏകദൈവത്തെ അംഗീകരിക്കാത്തതുപോലെ ഏകദൈവവിശ്വാസി അവരുടെ സങ്കല്പദൈവങ്ങളുടെ മുമ്പിൽ സായൂജ്യമടയാവതുമല്ല. മനുഷ്യരുടെ വിശിഷ്യാ, ഏകദൈവവിശ്വാസിയുടെ പ്രാർഥനയും അർച്ചനയും ഭക്തിയും പ്രതീക്ഷയും സാക്ഷാൽ പ്രപഞ്ചനാഥനായ ഏകദൈവത്തിന് മാത്രമാ വണം.

ഈ വചനത്തിൽ പ്രത്യക്ഷമായി മനസ്സിലാക്കാൻ സാധിക്കുന്ന ചില പാഠങ്ങളുണ്ട്.

1. നേരത്തെ സൂചിപ്പിച്ചതുപോലെ ഏകദൈവ വിശ്വാസി, പൊതുജനങ്ങളെയും ഏതെങ്കിലും സാഹചര്യങ്ങളെയും നേതാക്കളെയും പ്രീതിപ്പെടുത്തും വിധം ആദർശപരാമയ വിട്ടുവീഴ്ചക്കോ സന്ധിക്കോ ഇടം നല്കും വിധം ഒരു തരത്തിലും ബഹുദൈവത്വപരമായ വിശ്വാസത്തിലേക്കും സംസ്കാരത്തിലേക്കും ചാഞ്ഞുപോകരുത്.

2. അത്തരം ചിന്താഗതിക്കാരെ ശക്തമായി തന്നെ നിരാകരിക്കണം. അത്തരക്കാർ തങ്ങളെ തള്ളിപ്പറയുകയാണെങ്കിൽ ആദർശപരമായും ആചാരപരമായും സാംസ്കാരികമായും അവരിൽ നിന്ന് താൻ വിമുക്തനാണെന്ന് പ്രഖ്യാപിക്കുക തന്നെ വേണം.

3. വിരുദ്ധങ്ങളായ സംസ്കാരങ്ങൾ യോജിക്കാത്തതുപോലെ തന്നെ അവയുടെ പരിണതികൾ തമ്മിലും യോജിക്കുകയില്ല. ബഹുദൈവവിശ്വാസിയുടെയും ദൈവനിഷേധിയുടെയും കർമങ്ങൾക്ക് ഒരിക്കലും ഏകദൈവ വിശ്വാസി ഉത്തരവാദിയാവുകയില്ല. അതേയവസരം “കാഫിർ” എന്ന അഭിസംബോധന ഏകദൈവവിശ്വാസികൾക്ക് തങ്ങളുടെ പ്രവർത്തനങ്ങളിൽനിന്ന് രക്ഷനേടാനുള്ള ഒരു ഉപാധിയല്ല. പ്രവാചകൻ(സ) തന്നെയും തൻെറ ഉത്തരവാദിത്തം നിർവഹിച്ചതിൻെറ അടിസ്ഥാനത്തിലാണ് ഇത്തരം അഭിസംബോധനക്ക് നിർദ്ദേശിക്കപ്പെട്ടത്.

ഏകദൈവം മനുഷ്യർക്ക് നിർണയിച്ചുകൊടുത്ത സത്യവ്യവസ്ഥ യഥാവിധം ജനതക്ക് എത്തിച്ചുകൊടുക്കുകയെന്ന ഉത്തരവാദിത്തം അവർ നിർവഹിക്കണം. എന്നിട്ട് അതനുസരിച്ച് തൻെറ നിലപാട് മാറ്റണം എന്ന് മറ്റുള്ളവർക്ക് ബോധ്യമാവണം. അതിനുശേഷവും പഴയ ദൈവധിക്കാര സമീപനത്തിൽതന്നെ ഉറച്ചുനില്ക്കുകയാണെങ്കിൽ മാത്രമേ നിങ്ങൾക്ക് നിങ്ങളുടെ ദീൻ, എനിക്ക് എൻെറ ദീൻ എന്ന ഒഴികഴിവിന് ഏകവിശ്വാസിക്ക് സന്ദർഭം ലഭിക്കുന്നുള്ളൂ. അതുതന്നെയാണ് ദൈവനിഷേധികളെ, ബഹുദൈവവിശ്വാസികളെ എന്ന അഭിസംബോധനക്ക് ഖുർആൻ സ്വീകരിച്ച മാനദണ്ഡവും.